**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4104** **09-08-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ തകർന്ന പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ തകർന്ന പാലങ്ങളുടെ പട്ടിക പൊതുമരാമത്ത് വകുപ്പിന്റെ കൈവശം ഉണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ ആയത് ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | 1. ചൂരൽമല പാലം 2. ചെറുപുഴ(പനമരം) പാലം 3. കരിന്തിരിക്കടവ് പാലം 4. നായ്ക്കട്ടി പാലം 5. ബാവലി പാലം 6. 41ാം മൈൽ പാലം 7. ആനപ്പാറ പാലം |
| (സി) | പ്രസ്തുത ജില്ലയിൽ ഇത്തരത്തിൽ തകർച്ച നേരിടുന്ന പാലങ്ങൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | തകർച്ച നേരിടുന്ന പാലങ്ങൾ പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. എല്ലാ പാലങ്ങളുടെയും ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചു. ചൂരൽമല പാലം പ്രവൃത്തിക്ക് ഭരണാനുമതി നൽകി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുപുഴ പാലം(പനമരം), കരിന്തിരിക്കടവ് പാലം, നായ്ക്കട്ടി പാലം എന്നിവയുടെ രൂപകൽപന പൂർത്തീകരിച്ചു. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ബാവലി പാലം, 41ാം മൈൽ പാലം, ആനപ്പാറ പാലം എന്നിവയുടെ രൂപകൽപന പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നടന്നുവരുന്നു. |
| (ഡി) | ഇത്തരം പാലങ്ങൾ നവീകരിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ചൂരൽമല പാലത്തിന് ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മറ്റ് പാലങ്ങൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ